Sat ➡

# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തൊന്ന്

## ശേഷിച്ചിരിക്കുന്ന ശബ്ബത്തിൻ വിശ്രമം

## (4)

കഴിഞ്ഞ മൂന്നു ദൂതുകളിൽ വിശുദ്ധ വചനത്തിന്റെ പൂർണ വെളിപാടിൻപ്രകാരം ശബ്ബത്തിൻ വിശ്രമത്തിന്റെ അർഥം നാം കണ്ടു. ചുരുക്കത്തിൽ, ശബ്ബത്തിൻ വിശ്രമം തന്റെ ഹൃദയാഗ്രഹത്തിലുള്ള ദൈവത്തിന്റെ സംതൃപ്തിയാണ്. ഭൂമിയിൽ മനുഷ്യൻ എപ്പോഴെല്ലാം എവിടെയെല്ലാം ദൈവത്തെ ആവിഷ്ക്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്യുന്നുവോ, അപ്പോഴെല്ലാം അവൻ സംതൃപ്തനും വിശ്രമത്തിലുമാണ്. നാം ചൂണ്ടിക്കാണിച്ചതുപോലെ, ഒന്നാമത്തെ ശബ്ബത്ത് മനുഷ്യനെ സൃഷ്ടിച്ചതിനുശേഷവും രണ്ടാമത്തെ ശബ്ബത്ത് ആലയത്തിന്റെ നിർമാണം പൂർത്തിയായതിനുശേഷവുമായിരുന്നു. ഈ രണ്ടു ശബ്ബത്തുകളും ദൈവത്തിന്റെ ശബ്ബത്തിന്റെ പ്രതിരൂപങ്ങളായിരുന്നു, യഥാർഥ ശബ്ബത്തല്ലായിരുന്നു. ഒരു ദൃഷ്ടാന്തവും മാതൃകയുമായി ദൈവത്തെ ആവിഷ്ക്കരിക്കുകയും പ്രതിനിധീകരിക്കുകയും ചെയ്തുകൊണ്ട് കർത്താവായ യേശു ദൈവത്തെ പ്രഖ്യാപിക്കുവാൻ വന്നതിനുശേഷം, തന്റെ മരണപുനരുത്ഥാനത്താൽ സഭ ഉളവാക്കപ്പെടുകയും ദൈവത്തിന്റെ സംഘാത ആവിഷ്ക്കാരവും പ്രാതിനിധ്യവും ആയിത്തീരുകയും ചെയ്തു. ദൈവത്തിന് സഭ ഉണ്ടായിരിക്കുമ്പോൾ, അവൻ വാസ്തവമായി ആവിഷ്ക്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നു. സഭാജീവിതം ദൈവത്തിന് ഒരു യഥാർഥ ശബ്ബത്താണെന്നതിൽ സംശയമില്ല. ശബ്ബത്തിൻ വിശ്രമമെന്ന നിലയിൽ സഭ ഒരു പ്രതിരൂപമല്ല, പിന്നെയോ പഴയനിയമത്തിൽ മുന്നടയാളമായിരുന്നതിന്റെ ഒരു പൂർത്തീകരണമാണ്. ദൈവം സഭയെ നേടിയപ്പോൾ, അവന് ഒരു യഥാർഥ ശബ്ബത്തു ലഭിച്ചു.

കഴിഞ്ഞ ദൂതിൽ നാം കണ്ടതുപോലെ, സഭായുഗം വിതയ്ക്കുകയും വളരുകയും ചെയ്യുന്ന ഒരു യുഗം മാത്രമാണ്. നമ്മുടെ അനുഭൂതിയനുസരിച്ച് ഈ ഘട്ടം എത്ര നീണ്ടതാണെങ്കിലും, അത് വിതയ്ക്കുകയും വളരുകയും ചെയ്യുന്നതിന്റെ ഒരു ഘട്ടം

മാത്രമാണ്. ഈ ഘട്ടത്തിൽ, ദൈവത്തിന്റെ മുഖ്യമായ ദൗത്യം മനുഷ്യരാശിയിലേക്ക് അവനെത്തന്നെ വിതെക്കുകയും, മനുഷ്യരാശിയുടെ ഈ ഭാഗത്തെ ദൈവഭവനമായ, ക്രിസ്തുവിന്റെ ശരീരമെന്ന സഭയാക്കുകയും ചെയ്യുക എന്നതാണ്. ജീവനായി ദൈവത്താൽത്തന്നെ കുത്തിവയ്ക്കപ്പെട്ട മനുഷ്യരാശിയുടെ ഈ ഭാഗം ക്രിസ്തുവിൽ വളരുകയും പക്വതയിൽ എത്തിച്ചേരുകയും വേണം. ഈ കാര്യത്തെക്കുറിച്ച് നമുക്ക് വളരെ വ്യക്തത ഉണ്ടായിരിക്കണം. എന്തുകൊണ്ടാണ് ദൈവത്തിന് ഈ യുഗത്തിൽ തൃപ്തനായിരിക്കുവാൻ കഴിയുന്നത്? കാരണം ഈ യുഗത്തിൽ അവൻ സഭയിലൂടെ ആവിഷ്കരിക്കപ്പെടുകയും പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നു.

ദൈവത്തിന്റെ ആവിഷ്കാരവും പ്രാതിനിധ്യവുമെന്ന നിലയിൽ സഭ ഇന്ന് ഭൂമിയിലെ ദൈവരാജ്യമാണെന്ന് പുതിയനിയമത്തിൽ നമ്മോടു വ്യക്തമായി പറഞ്ഞിരിക്കുന്നു (റോമ. 14:17). ദൈവപുത്രനായ യേശു ക്രിസ്തുവിനെ സ്വീകരിക്കുന്ന ഏവനും ദൈവരാജ്യത്തിലേക്കു ജനിക്കുന്നു (യോഹ. 3:5). സഭ ഇന്ന് ദൈവരാജ്യമായതിനാൽ കർത്താവിനെ സ്തുതിക്കാം! കുലുക്കമില്ലാത്ത രാജ്യമാണ് നാം പ്രാപിക്കുന്നതെന്ന് എബ്രായർ 12:28 പറയുന്നു. നമുക്ക് രാജ്യം ലഭിച്ചുവെന്നോ അതിനെ പ്രാപിക്കുമെന്നോ ഈ വാക്യം പറയുന്നില്ല; നാം രാജ്യം പ്രാപിക്കുന്നതിന്റെ പ്രക്രിയയിലാണെന്ന് അതു പറയുന്നു. നമുക്ക് രാജ്യത്തിന്റെ ഒരു അളവു ലഭിച്ചിട്ടില്ലെന്ന് പറയുവാൻ നമുക്കു കഴിയില്ല, എന്നാൽ നമ്മുടെ രാജ്യസ്വീകാര്യം ഇതുവരെ മുഴുവനായി പൂർത്തിയായിട്ടില്ല. രാജ്യം ആരംഭിച്ചുകഴിഞ്ഞു, അതു തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

സഭയുഗത്തിൽ നാം വളർന്നുകൊണ്ടിരിക്കുന്ന ശബ്ബത്തിലാണ്, ഈ ശബ്ബത്തിൽ ജീവനായ ക്രിസ്തു വളർന്നുകൊണ്ടിരിക്കുന്നു. വളരുന്ന ഈ ശബ്ബത്തിൽ ദൈവത്തിന്റെ ഹൃദയം ഒരു പരിധിവരെ സംതൃപ്തമാണ്, എന്നാൽ ഇത് വളരുന്ന ഘട്ടം മാത്രവും വിളവെടുപ്പിന്റെ ഘട്ടമായ അവസാന ഘട്ടമല്ലാത്തതുകൊണ്ടും പൂർണമായി തൃപ്തമല്ല. അലഞ്ഞുതിരിയുകയും ശങ്കിക്കുകയും ചാഞ്ചാടുകയും ചെയ്യുന്ന എബ്രായരെ ഇന്നത്തെ ശബ്ബത്തിൻ വിശ്രമമായ ശരിയായ സഭാജീവിതത്തിലേക്കു വരുവാൻ പ്രോത്സാഹിപ്പിക്കുവാനാണ് എബ്രായലേഖനം എഴുതിയത്. എന്നാൽ ഈ ശബ്ബത്തിനെത്തുടർന്ന്, വിളവെടുപ്പിൻ ശബ്ബത്തെന്ന ഇതിലും മേന്മയേറിയ ഒന്നുണ്ട്. ഇവ രണ്ടും ദൈവത്തിന് യഥാർഥ ശബ്ബത്തുകളാണ്. ഇന്ന് സഭാജീവിതത്തിൽ ദൈവത്തിന് ഒരു യഥാർഥ ശബ്ബത്തുണ്ട്. സഭാജീവിതം പോലെ അത്ഭുതകരമായ ഒരു കാര്യം ഉണ്ടായിരിക്കുവാൻ കഴിയുമെന്ന് നാം ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല. എന്നാൽ കർത്താവിന്റെ കരുണയാൽ,

നമ്മുടെ ആത്മാവിൽ സ്പർശിക്കുവാനും നമ്മുടെ ശബ്ബത്തിൻ വിശ്രമമായി കർത്താവിനോടുകൂടെ ആസ്വദിക്കുവാനുമായി വിശുദ്ധവും സ്വർഗീയവും ആത്മികവുമായ സഭാജീവിതത്തെ നമുക്കു കാണിച്ചുതന്നുകൊണ്ട് അവൻ നമ്മുടെ കണ്ണുകളെ തുറന്നിരിക്കുന്നു. ഹല്ലേലൂയ്യാ, ഇന്ന് ഇങ്ങനെ ഒരു സഭാജീവിതം ഭൂമിയിലുണ്ട്!

ബൈബിളും ദൈവത്തിന്റെ വ്യവസ്ഥയും നമുക്കറിയാമെങ്കിൽ, വീണ്ടുംജനിക്കുകയും രക്ഷ പ്രാപിക്കുകയും ചെയ്ത എല്ലാവരും സഭാജീവിതത്തിലേക്കു വരേണ്ടതാവശ്യമാണെന്നു നാം മനസ്സിലാക്കും. ഇതാണ് ദൈവത്തിന്റെ വ്യവസ്ഥ. നിങ്ങൾ സഭാജീവിതത്തിലേക്കു വരുന്നില്ലെങ്കിൽ, നിങ്ങൾക്ക് ലക്ഷ്യം നഷ്ടമാകും. നിങ്ങൾ രക്ഷിക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്യണമെന്നതു മാത്രമല്ല ദൈവത്തിന്റെ വ്യവസ്ഥ; ഇന്നത്തെ ശബ്ബത്തായ ശരിയായ സഭാജീവിതത്തിലേക്ക് നിങ്ങൾ വരണം എന്നതാണ് അവന്റെ വ്യവസ്ഥ. അവന്റെതന്നെ ഒരു സംഘാത ആവിഷ്കാരവും പ്രാതിനിധ്യവും ഉണ്ടായിരിക്കുക എന്നതാണ് ദൈവത്തിന്റെ വ്യവസ്ഥ. ദൈവം വളരെ ക്ഷമയുള്ളവനാണ്; അവൻ പുരോഗമനാത്മകമായി തന്റെ വ്യവസ്ഥയെ നിറവേറ്റുന്നു. ഒന്നാമതായി, തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിലേക്ക് അവനെത്തന്നെ അവൻ വിതെച്ചു, ഇപ്പോൾ അവർക്കു വളരുവാൻ അവൻ സമയം നൽകുന്നു.

## XV. ആത്യന്തിക ശബ്ബത്ത്

നാം ഇപ്പോൾ വളർന്നുകൊണ്ടിരിക്കുന്ന ശബ്ബത്തെന്ന സഭാജീവിതത്തിലാണ്, അത് സഹസ്രാബ്ദരാജ്യത്തിന്റെ വിളവെടുപ്പിൻ ശബ്ബത്തിലേക്കു നമ്മെ നയിക്കുന്നു. എന്നാൽ വിളവെടുപ്പിൻ ശബ്ബത്തുപോലും ആത്യന്തിക ശബ്ബത്തായിരിക്കയില്ല. പുതിയ യെരൂശലേമായിരിക്കും ആത്യന്തിക ശബ്ബത്തിൻ വിശ്രമം. പുതിയ യെരൂശലേമിന്റെ സമയത്ത്, കടലോ സാത്താന്യവേലയോ ദുഷിച്ചതും മലിനവുമായ ലോകമോ ഇനി ഉണ്ടായിരിക്കുകയില്ല. അവയെല്ലാം തീപ്പൊയ്കയിലായിരിക്കും. ഒരു പുതിയ ഭൂമി ഉണ്ടായിരിക്കുകയും, ആ പുതിയ ഭൂമിയിന്മേൽ ജീവനുള്ള വസ്തുക്കളായ രൂപാന്തരപ്പെട്ട ആളുകളെക്കൊണ്ട് പണിയപ്പെട്ട ഒരു നഗരം ഉണ്ടായിരിക്കുകയും ചെയ്യും. പുതിയ യെരൂശലേമെന്ന ആ ജീവനുള്ള സംയോജനം ഭാവികാല നിത്യതയിൽ ദൈവത്തിന്റെ സമ്പൂർണ ആവിഷ്കാരമായിരിക്കും. അവിടെ പുതിയ യെരൂശലേമിൽ, ദൈവത്തിന്റെ ആവിഷ്കാരവും ആധിപത്യവും നാം കാണും. പുതിയ യെരൂശലേമിലായിരിക്കും ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയുള്ള അവന്റെ സിംഹാസനവും അധികാരവും ഉണ്ടായിരിക്കുന്നത്. അവിടെ ദൈവം പൂർണമായി ആവിഷ്കരിക്കപ്പെടുകയും

പ്രതിനിധീകരിക്കപ്പെടുകയും ചെയ്യുന്നതുകൊണ്ട്, പുതിയ യെരൂശലേമായിരിക്കും ആത്യന്തികവും ശാശ്വതവുമായ ശബ്ബത്ത്. അതായിരിക്കും ദൈവത്തിന്റെ കൃപയിൻ വേലയുടെ ആത്യന്തിക പരിണതി, നാമെല്ലാവരും അവിടെ ഉണ്ടായിരിക്കും.

നാം ഉത്സാഹമുള്ളവരോ അലസരോ ആണെങ്കിലും, ജ്ഞാനിയായ നമ്മുടെ പിതാവിന് നമ്മെ തികവുള്ളവരാക്കുവാനും പക്വതയുള്ളവരാക്കുവാനും ഒരു മാർഗമുണ്ട്. നാം അവനോടു സഹകരിക്കുന്നില്ലെങ്കിൽ, അവൻ ക്ഷമയുള്ളവനായി നാളേയ്ക്ക്, അടുത്ത മാസത്തേക്ക്, അടുത്ത വർഷത്തേക്കു വേണ്ടിയോ, അടുത്ത യുഗത്തിനു വേണ്ടിയോ പോലും കാത്തിരിക്കും. പുതിയ യെരൂശലേമിന്റെ യുഗത്തിനുമുമ്പ്, ഈ യുഗവും വരാനിരിക്കുന്ന യുഗവും എന്ന രണ്ടു യുഗങ്ങളുണ്ട്. ഈ രണ്ടു യുഗങ്ങളുടെ സമയത്ത് ക്ഷമയുള്ളവനായ നമ്മുടെ പിതാവ് തന്റെ വികൃതികളായ മക്കളോട് ഇടപെടും. നാം വികൃതികളായിരിക്കുകയും വളരുന്ന ശബ്ബത്തിൽ ഇന്നു പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നെങ്കിൽ, വരുന്ന യുഗത്തിലെ വിളവെടുപ്പിൻ ശബ്ബത്ത് നാം നഷ്ടപ്പെടുത്തിയേക്കാം. വരാനിരിക്കുന്ന വിളവെടുപ്പിൻ ശബ്ബത്ത് നഷ്ടപ്പെടുത്തുക എന്നതിന്റെ അർഥം നാം നഷ്ടപ്പെട്ടു പോകുമെന്നല്ല. നാം പിതാവിന്റെ മക്കളായതിനാൽ ഒരിക്കലും നഷ്ടപ്പെട്ടു പോകുകയില്ല. എന്നാൽ നമ്മോട് ഇടപെടുന്നതിന് നമ്മുടെ പിതാവിനെ പ്രയാസപ്പെടുത്തിക്കൊണ്ട് നാം അവന്റെ കൃപയിൽ ശരിയായി പെരുമാറുന്നില്ലെങ്കിൽ നാം വരാനിരിക്കുന്ന വിളവെടുപ്പിൻ ശബ്ബത്തിനെ നഷ്ടപ്പെടുത്തിയേക്കാം. എങ്കിലും, നമ്മുടെ പിതാവ് നമ്മെക്കാൾ വളരെ ജ്ഞാനിയായതിനാൽ, നമ്മെ പക്വതയിലേക്കു കൊണ്ടുവരുവാൻ അവനൊരു മാർഗമുണ്ട്. ഒടുവിൽ നാം എല്ലാവരും ആത്യന്തിക ശബ്ബത്തായ പുതിയ യെരൂശലേമിലായിരിക്കും.

ആകെ മൂന്നു യഥാർഥ ശബ്ബത്തുകൾ ഉണ്ടായിരിക്കും: സഭ, സഹസ്രാബ്ദ രാജ്യം, പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമുള്ള പുതിയ യെരൂശലേം. ഇവയെല്ലാം ദൈവത്തിനു ശബ്ബത്തുകളാണെങ്കിലും രണ്ടാമത്തേത് ഒന്നാമത്തേതിനെക്കാൾ മേന്മയേറിയതും, മൂന്നാമത്തേത് രണ്ടാമത്തേതിനെക്കാൾ പൂർണവും ആയിരിക്കും. നാമെല്ലാവരും മൂന്നാമത്തേതും പൂർണവുമായ ശബ്ബത്തിൽ പങ്കുചേരുമെന്ന് എനിക്ക് പൂർണ നിശ്ചയമുണ്ട്, കാരണം ആ ശബ്ബത്ത് പൂർണമായും കൃപയുടെ ഒരു കാര്യമാണ്, പ്രതിഫലത്തിന്റേതല്ല. അതൊരു സമ്മാനമല്ല, മറിച്ച് തന്റെ എല്ലാ മക്കൾക്കും വേണ്ടിയുള്ള നമ്മുടെ പിതാവിന്റെ നിത്യമായ ഓഹരിയാണ്. നിങ്ങൾ പിതാവിന്റെ ഒരു പൈതലായിരിക്കുന്നിടത്തോളം, നിങ്ങളെ പക്വതയുള്ളവനാക്കുവാൻ അവനൊരു മാർഗമുണ്ട്, അങ്ങനെ ഒടുവിൽ നിങ്ങൾ ആ മൂന്നാമത്തെ ശബ്ബത്തിൽ പങ്കെടുക്കും.

## XVI. പക്വമാകാനുള്ള നമ്മുടെ ആവശ്യം

നാമെല്ലാവരും പുതിയ യെരൂശലേമിൽ ഉണ്ടായിരിക്കുമെന്ന് നിങ്ങൾ കേൾക്കുമ്പോൾ, നിങ്ങൾ ഇങ്ങനെ പറഞ്ഞേക്കാം, "ഹല്ലേലൂയ്യാ, ഇപ്പോൾ എനിക്ക് സമാധാനമുണ്ട്. ഞാൻ പുതിയ യെരൂശലേമിൽ ഉണ്ടാകും." എന്നാൽ നാം പുതിയ യെരൂശലേമിലേക്കു വരുന്നതിനുമുമ്പ്, നാം ആദ്യം സഭയിലൂടെയും പിന്നീട് സഹസ്രാബ്ദത്തിലൂടെയും കടന്നുപോയേ മതിയാകൂ. ജ്ഞാനിയായ നമ്മുടെ പിതാവ് നമ്മെ പക്വതപ്പെടുത്തുവാൻ സഭായുഗത്തെയും വരുന്ന സഹസ്രാബ്ദ രാജ്യയുഗത്തെയും ഉപയോഗിക്കുന്നു. അവൻ നമ്മിലേക്കു വിതെക്കപ്പെട്ടിട്ടുണ്ടെങ്കിലും, പക്വതയെക്കുറിച്ച് എന്ത് പറയുന്നു? നാമെല്ലാവരും പക്വത പ്രാപിക്കണം എന്നതാണ് അവന്റെ ഇംഗിതം, അവൻ അതു നിർവഹിക്കുകയും ചെയ്യും. അവനെ തടയുവാൻ ഒന്നിനും കഴിയില്ല. നമ്മുടെ അലസതയ്ക്കും പരാജയങ്ങൾക്കുമൊന്നും യാതൊരു അർഥവുമില്ല. സാത്താനടക്കം യാതൊന്നിനും നമ്മുടെ പിതാവിന്റെ ആഗ്രഹം നിറവേറ്റുന്നതിൽനിന്നും അവനെ തടയുവാൻ കഴിയില്ല. അവൻ നമ്മെ തെരഞ്ഞെടുത്തപ്പോൾ, അങ്ങനെ ചെയ്യുന്നതിൽ അവൻ വിഡ്ഢിയായിരുന്നില്ല, മറിച്ച് വളരെ ശ്രദ്ധാലുവായിരുന്നു. ദൈവം തന്റെ തിരഞ്ഞെടുപ്പിനെക്കുറിച്ച് ഒരിക്കലും പശ്ചാത്തപിക്കുകയില്ല: അത് മാറ്റാനാവാത്തതാണ്, അത് നിത്യതയോളം നിൽക്കും. അവൻ നമ്മെ രക്ഷിച്ചതിനാൽ നാം പുതിയ യെരൂശലേമിൽ ഉണ്ടാകും. ഇതെല്ലാം കൃപയുടെ വേലയാണ്. ദൈവം നമ്മെ തന്റെ രക്ഷയിലേക്കു കൊണ്ടുവരുകയും, അവനെത്തന്നെ നമ്മിലേക്കു വയ്ക്കുകയും, ഇപ്പോൾ നമ്മോട് വളരുവാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ നാം വളരുന്ന രീതി നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. നാം അനുസരണമുള്ളവരാണെങ്കിൽ, നാം അവന് കുറച്ചു സമയം ലാഭിച്ചുകൊടുക്കും. നാം അനുസരണംകെട്ടവരാണെങ്കിൽ, നാം അവന് കുറച്ചു ബുദ്ധിമുട്ടുകൾക്കിടവരുത്തും. എന്നാൽ നാം വളരുവാനിടയാക്കുന്നതിന് അവന് അപ്പോഴും ഒരു വഴിയുണ്ട്. എങ്കിലും, നാം അവനുമായി സഹകരിക്കുന്നില്ലെങ്കിൽ, ഈ യുഗത്തിലെ സഭാജീവിതത്തിന്റെ ആസ്വാദനവും വരുവാനിരിക്കുന്ന യുഗത്തിലെ സമ്മാനവും നാം നഷ്ടപ്പെടുത്തും. നാം പക്വത പ്രാപിക്കത്തക്കവണ്ണം ജ്ഞാനിയായ നമ്മുടെ പിതാവ് നമ്മോട് ഇടപെടുന്നു. അവന്റെ ഇടപെടലിനെ നിങ്ങൾക്ക് ഒഴിഞ്ഞുപോകാൻ കഴിയുമെന്നു ചിന്തിക്കരുത്. രക്ഷിക്കപ്പെട്ടുവെങ്കിലും ഇപ്പോഴും അലഞ്ഞുതിരിയുന്ന എല്ലാ ക്രിസ്ത്യാനികളോടും ഇടപെടുവാൻ ദൈവത്തിന് ഒരു മാർഗമുണ്ട്. ഇന്ന് നമുക്കതു കാണുവാൻ കഴിയില്ല, എന്നാൽ ഒരു ദിവസം നാം അതു കാണും.

തെരുവുകളിൽ അലഞ്ഞുതിരിയുന്നതിൽനിന്നും നമ്മുടെ പിതാവ് തന്റെ സഭാജീവിതത്തിലേക്ക് നമ്മെ കൊണ്ടുവന്നത് എത്ര കരുണാമയമാണ്. ഇപ്പോൾ നാം അലഞ്ഞുതിരിയുകയല്ല; പക്വത പ്രാപിക്കുവാൻ നമ്മെ സഹായിക്കുന്ന സഭാജീവിതം നാം ആസ്വദിക്കുകയാണ്. സഭാജനം നേരത്തെ പക്വത പ്രാപിക്കുകയും ആദ്യഫലമായിത്തീരുകയും ചെയ്യുമെന്ന പൂർണ ഉറപ്പ് എനിക്കുണ്ട്. ഇപ്പോഴത്തെ സഭയെയും വരാനിരിക്കുന്ന രാജ്യത്തെയും ആസ്വദിക്കുന്നത് എത്ര നല്ലതാണ്! ഇപ്പോഴത്തെ സഭ ആസ്വാദനത്തിന്റെ ശബ്ബത്തും, വരാനിരിക്കുന്ന രാജ്യം സമ്മാനത്തിന്റെ ശബ്ബത്തുമാണ്. ഇന്നു നാം സഭയെ നന്നായി ആസ്വദിക്കുന്നുവെങ്കിൽ, വരുന്ന യുഗത്തിൽ ഒരു സമ്മാനമായി നമുക്കു രാജ്യം ലഭിക്കും. ഇന്നു നാം സഭയെ നന്നായി ആസ്വദിക്കുന്നില്ലെങ്കിൽ, വരുന്ന യുഗത്തിലെ സമ്മാനമായ രാജ്യത്തെ നാം നഷ്ടമാക്കും. ഇന്നു സഭയിൽ ക്രിസ്തുവിനെ നന്നായി ആസ്വദിക്കാതിരിക്കുന്നത് വിഡ്ഢിത്തമാണ്. ഈ ആസ്വാദനത്തിനുവേണ്ടി നാം യാതൊന്നും നൽകേണ്ടതില്ല; അതു സൗജന്യമാണ്. ക്രിസ്തുവിനെ നന്നായി ആസ്വദിക്കുവാൻ നമ്മുടെ പിതാവും നമ്മെ പ്രോത്സാഹിപ്പിക്കുന്നു. നാം ക്രിസ്തുവിനെ എത്രമാത്രം ആസ്വദിക്കുന്നുവോ അത്രയധികം പിതാവ് സന്തുഷ്ടനും സംതൃപ്തനുമാണ്. നാം ക്രിസ്തുവിനെ ആസ്വദിക്കുന്നത് തുടരുകയാണെങ്കിൽ, ഒരു ദിവസം പിതാവു പറയും, "കുഞ്ഞേ, നീ എന്റെ പുത്രനെ വളരെയധികം ആസ്വദിച്ചതിനാൽ, ഞാൻ നിനക്ക് വിളവെടുപ്പിൻ ശബ്ബത്തിൽ ഒരു സമ്മാനം തരും. നീ എന്റെ പുത്രന്റെ സഹരാജാക്കന്മാരിൽ ഒരുവനാകും." ആ സമയത്ത് വിളവെടുപ്പിൻ ശബ്ബത്തിലെ അവന്റെ രാജ്യത്വത്തിൽ പങ്കുചേർന്നുകൊണ്ട് നാം ക്രിസ്തുവിന്റെ യഥാർഥ കൂട്ടാളികളായിരിക്കും.

LD ➡ നാം വീണ്ടുംജനിക്കുകയും ദൈവമക്കളായിരിക്കുകയും ചെയ്യുന്നിടത്തോളം നാം സഹസ്രാബ്ദരാജ്യത്തിലായിരിക്കുമെന്ന് ചിലർ പറയുന്നു. എന്നാൽ ബൈബിൾ അങ്ങനെ പറയുന്നില്ല. മറിച്ച്, അതു പറയുന്നത് നാം ക്രിസ്തുവിനെ ആസ്വദിക്കുകയും വളരുകയും പക്വത പ്രാപിക്കുകയും കഷ്ടം സഹിക്കുകയും ക്രിസ്തുവിനായി ജയിക്കുകയും ചെയ്യണമെന്നാണ്. അപ്പോൾ വരുന്ന യുഗത്തിൽ നമുക്കു സമ്മാനം ലഭിക്കും. ഈ സമ്മാനം വിശുദ്ധന്മാരുടെ നിത്യ ഓഹരിയല്ല, ജയിക്കുന്നവർക്ക് സഹസ്രാബ്ദകാലത്തു ലഭിക്കുന്ന ഒരു പ്രതിഫലമാണ്. പിതാവിന്റെ ഭവനമായ സഭയിൽ നിങ്ങൾ നന്നായി പെരുമാറുകയാണെങ്കിൽ, പിതാവു പറയും, "നീ എന്റെ ഭവനത്തിൽ എന്നെ തൃപ്തിപ്പെടുത്തിയതിനാൽ, എന്റെ രാജ്യത്തിൽ ഞാൻ നിനക്ക് ഒരു സമ്മാനം തരും." എന്നാൽ ഇന്നു നാം അവന്റെ ഭവനത്തിൽ അവനെ തൃപ്തിപ്പെടുത്തുന്നില്ലെങ്കിൽ, നാം സമ്മാനം നഷ്ടപ്പെടുത്തുകയും അടുത്ത

യുഗത്തിലുള്ള അവന്റെ രാജ്യത്തിൽ നഷ്ടം സഹിക്കുകയും ചെയ്യും. തിരഞ്ഞെടുപ്പ് നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു. നമ്മുടെ പിതാവ് എത്ര കൃപാലുവും നീതിമാനും ജ്ഞാനിയുമാണ്! അവൻ ഒരു വിരുന്നു ഒരുക്കുകയും, നന്നായി കഴിക്കുവാൻ അവൻ നമ്മെയെല്ലാം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നാം എത്രമാത്രം കഴിക്കുന്നുവോ അത്രമാത്രം അവൻ സന്തോഷവാനാണ്. വിരുന്നിൽ നന്നായി കഴിക്കാതിരിക്കുന്നത് വിഡ്ഢിത്തമാണ്. ഓ, നാമെല്ലാവരും സഭാജീവിതം എത്രമാത്രം ആസ്വദിക്കേണ്ടതാകുന്നു!

## XVII. ഉപദേശത്തിന്റെ രണ്ടു മുഖ്യ ചിന്താധാരകൾ

ഈ ഘട്ടത്തിൽ നാം കാൽവിനിസ്റ്റ് ചിന്താധാരയും അർമീനിയൻ ചിന്താധാരയും എന്ന രണ്ടു പ്രധാന ഉപദേശ ചിന്താധാരകളെക്കുറിച്ച് ചിന്തിക്കേണ്ടത് ആവശ്യമാണ്. സകലവും ദൈവകൃപയുടെയും തിരഞ്ഞെടുപ്പിന്റെയും മുൻനിർണയത്തിന്റെയും കാര്യമാണെന്ന് കാൽവിനിസ്റ്റ് ചിന്താധാര പറയുന്നു. ഈ ചിന്താധാര പറയുന്നതനുസരിച്ച്, ഒരിക്കൽ ദൈവം നമ്മെ തിരഞ്ഞെടുക്കുകയും, മുൻനിർണയിക്കുകയും, നാം രക്ഷിക്കപ്പെടുകയും ചെയ്താൽ, പ്രശ്നങ്ങളൊന്നുമില്ലെന്നാണ്; ഒരിക്കൽ നാം രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നമ്മുടെ രക്ഷ നിത്യതയോളം സുരക്ഷിതമാണ്. നാം ഒരിക്കലും നശിച്ചുപോകയില്ല എന്ന കാൽവിനിസ്റ്റ് അവകാശവാദത്തിന് യോഹന്നാൻ 10:28-29-ലെ കർത്താവിന്റെ വചനത്തിൽ ശക്തമായ അടിത്തറയുണ്ട്. ഈ വാക്യങ്ങളനുസരിച്ച്, രക്ഷിക്കപ്പെട്ട ഒരാൾക്ക് നശിച്ചുപോകുവാൻ കഴിയില്ല. നാം ഒരിക്കൽ രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ നാം നിത്യതയോളം രക്ഷിക്കപ്പെടുന്നുവെന്ന് കാൽവിൻ സിദ്ധാന്തം പറയുന്നതിന് സംശയമെന്യേ ബൈബിളിൽ ഒരു അടിസ്ഥാനമുണ്ട്. എന്നാൽ നാം നിത്യതയോളം രക്ഷിക്കപ്പെട്ടിരിക്കുന്നതിനാൽ പ്രശ്നങ്ങളൊന്നും ഉണ്ടായിരിക്കയില്ല എന്ന് കാൽവിൻ സിദ്ധാന്തം പറയുമ്പോൾ, അത് അതിരുകടന്നുപോകുന്നു. നാം വീണ്ടെടുക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തിരിക്കുന്നു എന്നറിയുന്നത് നല്ലതാണെങ്കിലും, നാം വീണ്ടെടുക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തതിനാൽ നമുക്ക് പ്രശ്നങ്ങളൊന്നുമില്ലെന്നു നാം പറയരുത്. താൻ ജനിച്ചിരിക്കുന്നതിനാൽ പ്രശ്നങ്ങളൊന്നുമില്ലെന്ന് ഒരു കുട്ടി പറയുന്നത് വിഡ്ഢിത്തമായിരിക്കും. ഇങ്ങനെ പറയുന്ന ഏതൊരു കുട്ടിയും ഏറ്റവും വിഡ്ഢിയായ കുട്ടിയാണ്. അതെ, നാം വീണ്ടുംജനിച്ചിരിക്കുന്നു, എങ്കിലും നിരവധി പ്രശ്നങ്ങൾ ഉണ്ടാകാം.

രക്ഷിക്കപ്പെട്ട ഒരാൾക്ക് നഷ്ടപ്പെട്ടുപോകാൻ കഴിയുമെന്ന് അർമീനിയൻ സിദ്ധാന്തക്കാർ വിശ്വസിക്കുന്നു. എബ്രായർ ആറാം അധ്യായം പോലെയുള്ള വചനഭാഗങ്ങൾ ഉപയോഗിച്ചുകൊണ്ട്,

അർമീനിയൻ സിദ്ധാന്തക്കാർ തറപ്പിച്ചുപറയുന്നത് സ്വർഗീയ ഉപഹാരം രുചിക്കുകയും പരിശുദ്ധാത്മാവിൽ പങ്കുകൊള്ളുകയും ചെയ്യവർ വീണുപോയേക്കാമെന്നും, അവർക്ക് മാനസാന്തരപ്പെടുവാൻ അവസരം ഉണ്ടായിരിക്കയില്ലെന്നും, അവർ കത്തിപ്പോയ നിലംപോലെയായിരിക്കാമെന്നുമാണ്, എന്നുവച്ചാൽ അവർ നഷ്ടപ്പെട്ടുപോയി എന്ന്. എബ്രായലേഖനത്തിൽ ഇതുപോലുള്ള അഞ്ചു മുന്നറിയിപ്പുകൾ അടങ്ങിയിരിക്കുന്നു. ഈ വചനഭാഗങ്ങളെ നശിച്ചുപോകുന്നതായും ഒരിക്കൽകൂടി നഷ്ടപ്പെട്ടുപോകുന്നതായും കരുതിക്കൊണ്ട്, ദൈവത്തിന്റെ ശിക്ഷയെക്കുറിച്ചോ തന്റെ മക്കൾക്കുള്ള ശിക്ഷണത്തെക്കുറിച്ചോ പറയുന്നതായ ഈ വചനഭാഗങ്ങളെ അർമീനിയൻ സിദ്ധാന്തക്കാർ ദുരുപയോഗം ചെയ്യുന്നു. രക്ഷിക്കപ്പെട്ട ഒരു വ്യക്തി വീണ്ടും നശിച്ചുപോകാമെന്ന അവരുടെ പഠിപ്പിക്കലിനെ പിന്തുണയ്ക്കുവാൻ അവർ ഈ ഭാഗങ്ങൾ ഉപയോഗിക്കുന്നു.

ഈ വചനഭാഗങ്ങളെ അവരുടെ പഠിപ്പിക്കലുമായി പൊരുത്തപ്പെടുത്തുവാൻ കഴിയാത്ത കാൽവിനിസ്റ്റുകൾ പറയുന്നത്, സ്വർഗീയ ഉപഹാരം രുചിക്കുകയും പരിശുദ്ധാത്മാവിൽ പങ്കുകൊള്ളുകയും ചെയ്യവരെന്നു പറഞ്ഞിരിക്കുന്ന ഈ ആളുകൾ വ്യാജ ക്രിസ്ത്യാനികളാകുന്നു എന്നാണ്. എന്നാൽ ഇങ്ങനെ പറയുന്നത് പരിഹാസ്യമാണ്. അവർക്ക് രക്ഷപ്പെടാനുള്ള ഒരേയൊരു മാർഗമായതുകൊണ്ടാണ് അവർ ഇതു പറയുന്നത്. രാജ്യത്തിലെ സമ്മാനത്തിന്റെയും ശിക്ഷയുടെയും കാര്യം കണ്ടിട്ടില്ലാത്തതുകൊണ്ട് ദൈവം തന്റെ മക്കളെ ശിക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ബൈബിളിലുള്ള ഭാഗങ്ങളെ പൊരുത്തപ്പെടുത്തുവൻ ഇവർക്കോ അർമീനിയൻ സിദ്ധാന്തക്കാർക്കോ കഴിഞ്ഞിട്ടില്ല. രാജ്യത്തിലെ സമ്മാനത്തിന്റെയോ ശിക്ഷയുടെയോ കാര്യം കാൽവിൻ സിദ്ധാന്തത്തിനും അർമീനിയൻ സിദ്ധാന്തത്തിനും ഇടയ്ക്കുള്ള പാലമാണ്.

## XVIII. സമ്മാനത്തിന്റെയോ ശിക്ഷയുടെയോ കാര്യം

ഇനി നമുക്കിതിനെ ബൈബിളിന്റെ വീക്ഷണകോണിൽനിന്നും നോക്കാം. നാം എന്നെന്നേക്കുമായി തിരഞ്ഞെടുക്കപ്പെട്ടവരായതിനാൽ, ഒരിക്കൽ നാം രക്ഷിക്കപ്പെടുകയും, വീണ്ടുംജനിക്കുകയും, നിത്യജീവൻ ലഭിക്കുകയും ചെയ്തുകഴിഞ്ഞാൽ നമുക്കൊരിക്കലും നശിച്ചുപോകുവാൻ കഴിയില്ല. നിത്യജീവൻ നമ്മെ സൂക്ഷിക്കും. രണ്ടു ശക്തിയുള്ള കരങ്ങൾ, കർത്താവിന്റെയും പിതാവിന്റെയും കരങ്ങൾ, നമ്മെ താങ്ങുമെന്നതിനാൽ നാം ഒരിക്കലും നശിച്ചുപോകുകയില്ല (യോഹ. 10:28-29). എന്നാൽ പാപങ്ങൾ ചെയ്യുന്നതിൽ നാം അയഞ്ഞവരായിരിക്കണമെന്നല്ല ഇതിനർഥം, കാരണം നാം ചെയ്യുന്ന ഏതു പാപത്തിനും ഇന്നല്ലെങ്കിൽ വരുന്ന യുഗത്തിൽ

നാം ശിക്ഷണമേൽക്കുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. ദൈവം നീതിമാനാകുന്നു. അവന്റെ മക്കൾ പാപം ചെയ്യുകയും അവന്റെ ഹിതത്തിനുവേണ്ടി കരുതാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവർ ശിക്ഷണമേൽക്കണം, ശിക്ഷിക്കപ്പെടണം. ഈ യുഗത്തിൽ നിങ്ങൾ അവന്റെ ഹിതത്തിനുവേണ്ടി കരുതുന്നില്ലെങ്കിൽ, വരാനിരിക്കുന്ന രാജ്യത്തിലെ പ്രതിഫലമായ രാജത്വം നിങ്ങൾക്ക് നഷ്ടമാകും. ഈ മുന്നറിയിപ്പിന് നാം ചെവികൊടുക്കണം.

വരാനിരിക്കുന്ന രാജ്യത്തിൽ എന്തൊരു ആസ്വാദനമായിരിക്കും ഉണ്ടായിരിക്കുന്നത്! വിളവെടുപ്പിൻ ശബ്ബത്ത്! അത് ഇപ്പോഴത്തെ വളരുന്ന ശബ്ബത്തിനെക്കാൾ മേന്മയേറിയതായിരിക്കും. ഇന്നത്തെ സഭാജീവിതമെന്ന വളരുന്ന ശബ്ബത്താണ്, വരാനിരിക്കുന്ന രാജ്യത്തിലെ വിളവെടുപ്പിൻ ശബ്ബത്തിലേക്കു നാം ആനയിക്കപ്പെടുന്ന മുഖാന്തരം. സഭാജീവിതത്തിൽ നാം ഇന്നത്തെ ശബ്ബത്തിനെ അവഗണിക്കുന്നുവെങ്കിൽ, വരാനിരിക്കുന്ന രാജ്യത്തിലെ അടുത്ത ശബ്ബത്ത് നമുക്കു നഷ്ടമാകും. നാം അശ്രദ്ധയുള്ളവരും പാപങ്ങൾ ചെയ്യുന്നവരുമാണെങ്കിൽ, നാം ദൈവത്തിന്റെ ശിക്ഷ അനുഭവിക്കും. എന്നാൽ നാം വീണ്ടും നഷ്ടപ്പെട്ടുപോകുമെന്ന് ഇതിനർഥമില്ല.

എബ്രായർ 6 ഇതു തെളിയിക്കുന്നു. വാക്യം 7-ഉം 8-ഉം പറയുന്നു: "എന്തെന്നാൽ ഭൂമി അതിന്മേൽ പലപ്പോഴായി പെയ്യുന്ന മഴ കുടിച്ചിട്ട്, കൃഷി ചെയ്യുവർക്ക് അനുയോജ്യമായ സസ്യാദികൾ പുറപ്പെടുവിക്കുമ്പോൾ ദൈവത്തിൽനിന്നുള്ള അനുഗ്രഹത്തിൽ പങ്കുകൊള്ളുന്നു. എന്നാൽ അത് മുള്ളുകളും ഞെരിഞ്ഞിലുകളും പുറപ്പെടുവിച്ചാൽ, അത് നിരാകരിക്കപ്പെട്ടതും ശാപത്തിനടുത്തതും ആകുന്നു, കത്തിച്ചുകളയുന്നതത്രേ അതിന്റെ അവസാനം." ഭൂമി സസ്യങ്ങളെയോ മുള്ളുകളെയോ ഉളവാക്കാം. മുള്ളുകൾ കത്തിപ്പോയാലും ഒരു നഷ്ടം സഹിച്ചശേഷം നിലം അപ്പോഴും നിലനിൽക്കും. അതുപോലെ, വിശ്വാസികൾ ഒരിക്കലും നഷ്ടപ്പെട്ടുപോകുകയില്ല, എന്നാൽ ദൈവത്തിന്റെ വ്യവസ്ഥയ്ക്കനുസൃതമല്ലാതെ അവർ പുറപ്പെടുവിച്ചതെല്ലാം കത്തിപ്പോകും. ദൈവഹിതത്തിനെതിരായി നാം ചെയ്യുന്നതിനെയെല്ലാം കത്തിച്ചുകളയും, എന്നാൽ നാം നഷ്ടപ്പെട്ടുപോകുമെന്ന് ഇതിനർഥമില്ല.

ഈ ഘട്ടത്തിൽ നമുക്ക് 1 കൊരിന്ത്യർ 3:12-14 നോക്കാം. "എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നു എങ്കിൽ, ഓരോരുത്തന്റെയും വേല വെളിവായിത്തീരും; അതു തീയാൽ വെളിപ്പെടുന്നതിനാൽ ആ നാൾ അതിനെ പ്രഖ്യാപിക്കും, ഓരോരുത്തന്റെയും വേല ഏതു തരത്തിലുള്ളതെന്ന് തീ തന്നെ തെളിയിക്കും. അടിസ്ഥാനത്തിന്മേൽ പണിത

ആരുടെയെങ്കിലും വേല നിലനിന്നാൽ, അവന് പ്രതിഫലം ലഭിക്കും;" വിശ്വാസികൾ ദൈവത്തിന്റെ കൃഷിയിടമാണ് (1 കൊരി. 3:9). മരം, പുല്ല്, വൈക്കോൽ എന്നിങ്ങനെ നാം വളർത്തുന്നതെന്തിനെയും കത്തിച്ചുകളയും. എന്നാൽ നമ്മുടെ വേല പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ എന്നിങ്ങനെ നിലനിൽക്കുന്നതാണെങ്കിൽ, നമുക്ക് ഒരു പ്രതിഫലം, ഒരു സമ്മാനം ലഭിക്കും. എങ്കിലും, ഒരു മനുഷ്യന്റെ വേല വെന്തുപോയാൽ അവന് നഷ്ടം സംഭവിക്കുമെങ്കിലും അവന്റെ രക്ഷ നഷ്ടപ്പെടുമെന്ന് ഇതിനർഥമില്ല. തുടർന്നുള്ള വാക്യം പറയുന്നു: "ആരുടെയെങ്കിലും വേല വെന്തുപോയാൽ, അവന് നഷ്ടമുണ്ടാകും, അവൻ രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ" (യവനഭാഷ). ഈ വാക്യം വളരെ വ്യക്തമാണ്. രക്ഷിക്കപ്പെട്ട ഒരു വ്യക്തി നഷ്ടം സഹിച്ചേക്കാം, എന്നാൽ അവന്റെ രക്ഷ നഷ്ടപ്പെടുകയില്ല; അവൻ "തീയിലൂടെ എന്നപോലെ രക്ഷിക്കപ്പെടും." "തീയിലൂടെ രക്ഷിക്കപ്പെടുവാൻ" നിങ്ങൾ ആഗ്രഹിക്കുന്നുവോ? ഇവിടെ പറയുന്ന തീ എന്താണെന്നു നിങ്ങൾ എന്നോടു ചോദിച്ചാൽ, എനിക്കറിയില്ലെന്നു ഞാൻ പറയും. "രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് ഇനിയും തീയിലൂടെ രക്ഷിക്കപ്പെടുവാൻ എങ്ങനെ കഴിയും?" എന്നു ചോദിച്ചുകൊണ്ട് മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ് പ്രായംചെന്ന ഒരു ക്രിസ്തീയ സുഹൃത്ത് എന്നോടു തർക്കിക്കുകയുണ്ടായി. ഞാൻ പറഞ്ഞു, "എനിക്കറിയില്ല, എന്നാൽ ബൈബിൾ അങ്ങനെ പറയുന്നു." അപ്പോൾ അദ്ദേഹം പറഞ്ഞു, "ഇവിടെ അത് ശരിക്കും 'തീയാൽ' എന്നല്ല പറയുന്നത് പിന്നെയോ 'തീയാൽ എന്നപോലെ' അഥവാ 'തീയിലൂടെ എന്നപോലെ' എന്നത്രേ പറയുന്നത്." ഈ സമയത്ത് മറ്റൊരു പ്രായംചെന്ന സഹോദരൻ ഇടയിൽ കയറി പറഞ്ഞു, "അത് 'തീയിലൂടെ എന്നപോലെ' ആണെങ്കിൽപോലും, അതിന് നിങ്ങളെ കഷ്ടപ്പെടുത്തുവാൻ കഴിയും." ഈ തീ എന്തായാലും, അത് നല്ലതല്ലെന്നും അത് അനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ലെന്നും എനിക്കറിയാം. 1 കൊരിന്ത്യർ 3-ൽ ഈ വചനം ഉള്ളതിനാൽ, നാം രക്ഷിക്കപ്പെട്ടിരിക്കുന്നിടത്തോളം എല്ലാം ശരിയാണ് എന്നു നാം പറയരുത്. എല്ലാം ശരിയായിരിക്കണമെന്നില്ല. നമ്മുടെ വേല വെന്തുപോകുകയും നാം "തീയിലൂടെ രക്ഷിക്കപ്പെടുകയും" ചെയ്തേക്കാം.

ഈ രേഖയിൽ ഞാൻ പ്രസംഗിക്കുന്നത് ചിലർ കേട്ടപ്പോൾ ഞാൻ മരണാനന്തര ശുദ്ധീകരണ സ്ഥലമെന്ന കത്തോലിക്കാ ഉപദേശം പഠിപ്പിക്കുകയാണെന്നു പറഞ്ഞുകൊണ്ട് അവർ എന്നെ കുറ്റംവിധിച്ചു. 1 കൊരിന്ത്യർ 3-നെ തങ്ങളുടെ അടിസ്ഥാനമായി ഉപയോഗിച്ചുകൊണ്ടുള്ള കത്തോലിക്കാ മതത്തിന്റെ മരണാനന്തര ശുദ്ധീകരണ സ്ഥലത്തിന്റെ പഠിപ്പിക്കൽ ദൈവത്തിന്റെ നിർമലമായ വചനത്തിൽനിന്നും വളരെ വ്യത്യസ്തമാണ്. കത്തോലിക്കാ

മതത്തിന്റെ മരണാനന്തര ശുദ്ധീകരണ സ്ഥലത്തിന്റെ ആശയമനുസരിച്ച്, നിങ്ങൾ പാപങ്ങൾ ചെയ്യുകയും മരിക്കുകയും ചെയ്താൽ, കത്തോലിക്കാസഭയ്ക്ക് ഒരു നിശ്ചിത തുക നൽകി ഒരു ബന്ധുവിന് ശുദ്ധീകരണസ്ഥലത്തു നിങ്ങൾ ചെലവഴിക്കുന്ന സമയം കുറയ്ക്കാവുന്നതാണ്. ഈ പഠിപ്പിക്കൽ പൈശാചികമാണ്. ഞാൻ പഠിപ്പിക്കുന്നത് നിർമല വചനത്തിൽനിന്നുള്ള നിർമലമായ സത്യമാണ്.

സ്വർണം എന്ന ദൈവത്തിന്റെ പ്രകൃതത്തിനനുസരിച്ചും, വെള്ളി എന്ന ക്രിസ്തുവിന്റെ വീണ്ടെടുപ്പിനനുസരിച്ചും, വിലയേറിയ കല്ലുകൾ എന്ന പരിശുദ്ധാത്മാവിന്റെ വേലയ്ക്കനുസരിച്ചും നാം ശരിയായി പണിയണമെന്ന് 1 കൊരിന്ത്യർ 3 പറയുന്നു. പിതാവിന്റെ പ്രകൃതത്തിനും പുത്രന്റെ വീണ്ടെടുപ്പിനും പരിശുദ്ധാത്മാവിന്റെ രൂപാന്തരവേലയ്ക്കും അനുസരിച്ച് നാം പണിയേണ്ടതാവശ്യമാണ്. എന്നാൽ നാം ജഡത്തിനും സ്വയത്തിനും ലൗകിക രീതിക്കും അനുസരിച്ചു പണിയുമെങ്കിൽ, അത് മരവും പുല്ലും വൈക്കോലും ആയിരിക്കും. പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ എന്നിവകൊണ്ടു പണിയുന്നതും, മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ടു പണിയുന്നതും തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ട്. പൊന്നും വെള്ളിയും വിലയേറിയ കല്ലുകളും കൊണ്ട് നിങ്ങൾ പണിയുന്നുവെങ്കിൽ നിങ്ങൾക്കൊരു പ്രതിഫലം ലഭിക്കും. എന്നാൽ നിങ്ങൾ മരവും പുല്ലും വൈക്കോലുംകൊണ്ടു പണിയുന്നുവെങ്കിൽ നിങ്ങൾ നഷ്ടം സഹിക്കും, എങ്കിലും നിങ്ങൾ രക്ഷിക്കപ്പെടും. ഇത് കാൽവിൻ സിദ്ധാന്തമോ അർമീനിയൻ സിദ്ധാന്തമോ അല്ല, മറിച്ച് ബൈബിളിന്റെ ശുദ്ധമായ വചനമാണ്.

ദൈവത്തിന്റെ കൃപാപൂർണമായ രക്ഷയ്ക്കു പുറമേ, ഒരു സമ്മാനം സ്വീകരിക്കുന്നതോ നഷ്ടം സഹിക്കുന്നതോ ആയ കാര്യമുണ്ട്. സമ്മാനം ലഭിക്കുന്നവർ മാത്രമേ വരാനിരിക്കുന്ന ശബ്ബത്തായ, വിളവെടുപ്പിൻ ശബ്ബത്തിൽ പങ്കെടുക്കുകയുള്ളൂ. സമ്മാനം നേടുന്നവർ സഹസ്രാബ്ദ രാജ്യത്തിലെ മേന്മയേറിയ ശബ്ബത്ത് ആസ്വദിക്കുകയും, അതേസമയം നഷ്ടം സഹിക്കുകയും എന്നാൽ തീയിലൂടെ എന്നപോലെ രക്ഷ പ്രാപിക്കുകയും ചെയ്യുന്നവർ ആ ശബ്ബത്ത് നഷ്ടപ്പെടുത്തുകയും ചെയ്യും. ക്രിസ്തു യേശുവിൽ ദൈവത്തിന്റെ ഉന്നത വിളിയുടെ സമ്മാനത്തിനുവേണ്ടി നാം എങ്ങനെ ലക്ഷ്യത്തിലേക്ക് മുന്നോട്ടായുകയും അനുലോമപരമായി മുന്നോട്ടുപോകുകയും വേണം. രക്ഷയ്ക്കു പുറമേ, ഈ ഉന്നത വിളിയുടെ സമ്മാനവും ഉണ്ടായിരിക്കും, അതായിരിക്കും വരാനിരിക്കുന്ന രാജ്യത്തിലെ വിളവെടുപ്പിൻ ശബ്ബത്ത്. ഇതാണ് നമ്മുടെ അടയാളം, നമ്മുടെ ലക്ഷ്യം. നാം ഈ ലക്ഷ്യത്തിലെത്തണമെങ്കിൽ സഭാജീവിതത്തിലൂടെ കടന്നുപോകണം. സഭാജീവിതമാണ് നമുക്ക് ലക്ഷ്യത്തിലേക്കെത്തുവാനുള്ള വഴി.